# കേരള നിയമസഭ
# 27.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 27, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## <u>സർക്കാർ ആശുപത്രിയിൽ സൗജന്യമായി മരുന്നു നൽകുന്ന പദ്ധതി</u>

*361 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
'' ബാബു എം. പാലിശ്ശേരി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രിയിൽ സൗജന്യമായി മരുന്ന് നൽകുന്നതിനായി എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ; ഇതിനായി ബജറ്റിൽ അധികമായി എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്നവർക്ക് മരുന്ന് നൽകുന്നതിന് പണം വാങ്ങാറുണ്ടോ ; എങ്കിൽ കഴിഞ്ഞ വർഷം ഈ ഇനത്തിൽ ആകെ ലഭിച്ച തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

# കേരള നിയമസഭ

## 27.06.2012-ലെ മറുപടിക്ക്

(സി) മുൻസർക്കാർ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്ന് സംഭരിച്ച് സർക്കാർ ആശുപത്രിയിൽ ചികിത്സക്കെത്തുന്ന രോഗികൾക്ക് സൗജന്യമായി നൽകിയിരുന്നോ ; അതിനായി 2010 -11 വർഷം ചെലവഴിച്ച തുക എത്രയായിരുന്നുവെന്ന്
വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

ബാലവേല

*362 ശ്രീ. കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ വരവ് വർദ്ധിച്ചതോടെ ബാലവേലയുടെ തോത് വളരെയധികം ഉയർന്നിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പതിനെട്ട് വയസ് തികയാത്ത അന്യസംസ്ഥാന തൊഴിലാളികളെ കുറഞ്ഞ കൂലി നൽകി അമിതമായി ജോലി ചെയ്യിപ്പിച്ച് ചൂഷണം നടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ;

(സി) ബാലവേല തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

പട്ടികജാതി പട്ടികവര്‍ഗ്ഗ ഗോത്ര കമ്മീഷന്‍

*363 ശ്രീ. സി. മമ്മൂട്ടി
,, എം. ഉമ്മര്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ ഗോത്ര കമ്മീഷന്റെ പ്രവര്‍ത്തനം വിലയിരുത്താറുണ്ടോ; എങ്കില്‍ കഴിഞ്ഞ രണ്ടുവര്‍ഷങ്ങളിലെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) പട്ടികജാതി പട്ടികവര്‍ഗ്ഗ ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായി കഴിഞ്ഞ രണ്ടുവര്‍ഷക്കാലത്ത് നടപ്പിലാക്കിയ ക്ഷേമ പദ്ധതികള്‍ കമ്മീഷന്‍ വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ പ്രധാനപ്പെട്ട കണ്ടെത്തലുകള്‍ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവില്‍ പട്ടികജാതി-പട്ടികവര്‍ഗ്ഗ ഗോത്ര വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് കമ്മീഷന്‍ നല്കിയ ശുപാര്‍ശകളുടെ വിശദവിവരം നല്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ദുരുപയോഗം</u>

*364 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, പാലോട് രവി
,, വി. ഡി. സതീശന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മരുന്നുകളുടെ ദുരുപയോഗം തടയുവാന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തില്‍പ്പെട്ട മരുന്നുകളുടെ വിതരണവും, വില്‍പ്പനയും ഉപയോഗവുമാണ് നിയന്ത്രിക്കപ്പെട്ടിട്ടുള്ളത്;

(സി) പ്രസ്തുത നിയന്ത്രണം കര്‍ശനമായി നടപ്പാക്കുവാന്‍ ഭരണതലത്തില്‍ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>പുകയില ലഹരി പദാർത്ഥങ്ങളുടെ നിരോധനം</u>

T*365 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുകയില ലഹരി പദാർത്ഥങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സുലഭമായി ലഭിയ്ക്കുന്ന ഏതെല്ലാം ഉല്പങ്ങളാണ് നിരോധനത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് പറയാമോ ;

(ബി) പ്രസ്തുത നിരോധനം കർശനമായി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(സി) പുകയില ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന തകരാറുകളെ സംബന്ധിച്ച് സ്ക്കൂൾ, കോളേജ് തലങ്ങളിൽ ബോധവത്ക്കരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി</u>

*366 ശ്രീ. എ. കെ. ബാലൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ജെയിംസ് മാത്യു
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തങ്ങൾക്ക് അവകാശപ്പെട്ട ഭൂമി പതിച്ചുനൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വയനാട് ജില്ലയിലെ ആദിവാസി സമൂഹം സമരത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) 1999-ലെ ആദിവാസി ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയില്ലാത്ത ആദിവാസികൾക്കും, നാമമാത്ര ഭൂമിയുള്ള ആദിവാസികൾക്കും എത്ര ഭൂമിക്കാണ് അവകാശമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ഭൂമിക്ക് അവകാശപ്പെട്ട എത്ര ആദിവാസികൾ സംസ്ഥാനത്ത് ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; തങ്ങൾക്ക് അവകാശപ്പെട്ട ഭൂമിയിൽ സമരം ചെയ്യുന്ന ആദിവാസികളെ ബലപ്രയോഗത്തിലൂടെ ഇറക്കിവിടുന്നത് നിർത്തിവയ്ക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>മിനിമം വേജസ് നിര്‍ണ്ണയം</u>

*367 ശ്രീ. വി. ചെന്താമരാക്ഷന്‍
,, പി. കെ. ഗുരുദാസന്‍
,, സി. കൃഷ്ണന്‍
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ മിനിമം വേജസ് നിര്‍ണ്ണയിക്കുന്നതിന് അര്‍ഹതയുള്ള എത്ര മേഖലകളാണുള്ളത് ; ഇതില്‍ എത്ര മേഖലകളില്‍ മിനിമം വേജസ് പുനര്‍ നിര്‍ണ്ണയിക്കുകയോ പുതുതായി വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടുണ്ട് ;

(ബി) സര്‍ക്കാര്‍ നോട്ടിഫൈ ചെയ്ത മിനിമം വേജസ് കര്‍ശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കില്‍ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(സി) ഇതുവരെ മിനിമം വേജസ് നിര്‍ണ്ണയിച്ചിട്ടില്ലാത്ത മേഖലകളില്‍ ആയത് നിശ്ചയിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2012-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ

*368 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച കണക്ക് നൽകുമോ ;

(ബി) പകർച്ചപ്പനി വ്യാപകമായ സാഹചര്യത്തിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സർക്കാർ ആശുപത്രികളിൽ സൗജന്യമായി എല്ലാതരം മരുന്നുകളും രോഗികൾക്ക് ലഭ്യമാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം എന്ന് മുതൽ നടപ്പിലാക്കി തുടങ്ങി; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>ജലവിതരണത്തിൽ സ്വകാര്യവൽക്കരണം</u>

*369 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലനയപ്രകാരം ജലവിതരണം സ്വകാര്യമേഖലയ്ക്ക് നൽകണമെന്നും നൽകുന്ന സേവനത്തിന്റെ നിലവാരമനുസരിച്ച് തുക ഈടാക്കണമെന്നും പ്രഖ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടറിയിക്കാമോ; സംസ്ഥാന സർക്കാരിന്റെ നയം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങൾ</u>

*370 ശ്രീ. ഇ.കെ. വിജയൻ
,, വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(ബി) അതിർത്തി കടന്ന് സംസ്ഥാനത്തേക്ക് എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; പുതിയ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ എന്തെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>നൂതന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ</u>

*371 ശ്രീ. സണ്ണി ജോസഫ്
,, ബെന്നി ബഹനാൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നൂതന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

നദികളുമായി ബന്ധപ്പെട്ട് ടൂറിസം വികസന പദ്ധതി

*372 ശ്രീ. എം.എ. വാഹീദ്
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികളുടെ തനിമയും പാരമ്പര്യവും നിലനിർത്തുവാനും സംരക്ഷണവും ലക്ഷ്യമിട്ട് ടൂറിസം വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നദികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) നദികളുടെ തീരങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങളെ കൂടി ഉൾക്കൊള്ളിച്ച് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുമോ?

(ഡി) പദ്ധതി സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

സ്വകാര്യ ലാബുകളിലെ പരിശോധനകൾക്ക് ഏകീകൃത നിരക്ക്

*373 ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു
,, മാത്യു ടി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകൾ നടത്തുന്ന പരിശോധനകൾക്ക് സംസ്ഥാനത്ത് ഏകീകൃത നിരക്ക് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പ്രദർശിപ്പിക്കുവാനുള്ള ഉത്തരവുകൾ നിലവിലുണ്ടോ;

(സി) പ്രസ്തുത ലാബുകളുടെ ഗുണനിലവാരവും പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

മരുന്നുകളുടെ ഗുണനിലവാര പരിശോധനയിലെ വീഴ്ച

*374 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. ദാസൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകളും വ്യാജമരുന്നുകളും സംസ്ഥാനത്തെ വിപണിയിൽ സുലഭമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നു ഗുണനിലവാര പരിശോധനയിൽ സംസ്ഥാനത്തു വൻ വീഴ്ചയുണ്ടായെന്ന ഫാർമസി കൗൺസിലിന്റെ പ്രസ്താവന പരിശോധിച്ചിരുന്നോ;

(സി) പ്രസ്തുത മരുന്നുകളുടെ വിപണനം തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 27.06.2012-ലെ മറുപടിക്ക്

ഐ. റ്റി. ഐ. കൾക്ക് ഐ. എസ്. ഒ. സർട്ടിഫിക്കറ്റ്

*375 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, പാലോട് രവി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. ഐ. കൾക്ക് ഐ. എസ്. ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര വർഷത്തിനകം പ്രസ്തുത ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് കരുതുന്നത് എന്നറിയിക്കാമോ;

(സി) ഓരോ ഐ. റ്റി. ഐ. യ്ക്കും പ്രത്യേകമായി വെബ്സൈറ്റുകൾ രൂപം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2012-ലെ മറുപടിക്ക്

<u>രാജീവ് ആരോഗ്യശ്രീ പദ്ധതി</u>

*376 ശ്രീ. സി. കെ. സദാശിവൻ
,, ജെയിംസ് മാത്യു
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആരോഗ്യശ്രീ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ബി) നിലവിൽ എത്ര ബി. പി. എൽ - എ. പി. എൽ കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

(സി) എത്ര സ്വകാര്യ ആശുപത്രികൾ നിലവിൽ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്; സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ പിന്മാറ്റത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>സമഗ്ര രോഗ പ്രതിരോധ പരിപാടി</u>

*377 ശ്രീ. ബാബു എം. പാലിശ്ശേരി
,, എം. ചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര രോഗപ്രതിരോധ പരിപാടി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് പറയാമോ;

(ബി) എങ്കിൽ എന്തൊക്കെ പരിപാടികളാണ് പൂർത്തിയാക്കിയതെന്ന് വിശദമാക്കാമോ;

(സി) ജലശുദ്ധത ഉറപ്പാക്കാനായി ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനകളുടെ വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

*378 ശ്രീ. ഷാഫി പറമ്പിൽ
,, റ്റി.എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ പിന്നോക്ക വിഭഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്ന തിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണ് എന്ന് അറിയിക്കുമോ:

(സി) പ്രസ്തുത സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്;

(ഡി) ഏതെല്ലാം കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പ് തുക ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2012-ലെ മറുപടിക്ക്

പുകയില ഉല്പന്നങ്ങൾക്ക് നിരോധനം

T *379 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരത്ത് പുകയില ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിക്കൊണ്ടുളള ഉത്തരവ് പിൻവലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മയക്കുമരുന്നു ചേർത്ത ഭക്ഷ്യവിഭവങ്ങളും, പുകയില ഉല്പന്നങ്ങളും സ്കൂൾ പരിസരങ്ങളിലും, പൊതുമാർക്കറ്റിലും സുലഭമാണെന്നകാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; ആയത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന നാമമാത്ര നിരോധനം പോലും എടുത്തുകളഞ്ഞതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) ഭാവിതലമുറയെ ഒന്നടങ്കം രോഗികളാക്കാൻ കാരണമാവുമെന്ന് ആരോപിക്കപ്പെടുന്ന, മയക്കുമരുന്ന്, പുകയില എന്നിവ ചേർന്ന ഭക്ഷ്യവസ്തുക്കളും, ലഹരി ഉല്പന്നങ്ങളും പൂർണ്ണമായും നിരോധിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ പട്ടികയിൽ നിന്ന്<br>അനർഹരെ ഒഴിവാക്കാൻ നടപടി</u>

*380 ശ്രീ. വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ചിയാകിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കാൻ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

ഗാർഹിക തൊഴിലാളി ക്ഷേമനിധി ബോർഡ്

*381 ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി കെ. കെ. ലതിക
,, കെ. എസ്. സലീഖ
ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികൾക്ക് വേണ്ടി മുൻസർക്കാരിന്റെ കാലത്ത് രൂപം നൽകിയ ക്ഷേമനിധിയുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളെ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) ക്ഷേമനിധി ബോർഡ് ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി എന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>ബേക്കൽ ടൂറിസം വികസനം</u>

*382 ശ്രീ. ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്;

(സി) എത്ര കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് നൂതന മാർഗ്ഗങ്ങൾ

*383 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് മുൻകാലങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രകൃതിയെയും ജലസമ്പത്തിനെയും സംരക്ഷിക്കുന്നതിന് കേരളത്തിന് സമാനമായ ഭൂപ്രകൃതിയുള്ള നോർവേപോലെയുള്ള രാജ്യങ്ങൾ അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുമോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
# 27.06.2012-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്</u>

*384 ശ്രീ. ഇ. പി. ജയരാജൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് പുനഃസ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് മെഡിക്കൽ കോളേജ് അദ്ധ്യാപക സംഘടനകളുമായി ആരോഗ്യമന്ത്രി 2012 ഏപ്രിലിൽ നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) കെ.ജി.എം.സി.ടി.എ ഇക്കാര്യത്തിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

വിനോദസഞ്ചാര കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തി ലേക്ക് ഉയർത്തുന്നതിന് നടപടി

*385 ശ്രീ. കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഈ സർക്കാർ 2011 മെയ് മാസം മുതൽ 2012 മാർച്ച് 31 വരെ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; ഇതിനായി എന്തു തുക ചെലവഴിച്ചു;

(ബി) പ്രസ്തുത നടപടികൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് രാജ്യങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ആധുനിക വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി വിവരങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്തിനു പുറത്തുളള പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, പട്ടണങ്ങളിലും ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>കേരള ജലസേചന ജലസംരക്ഷണ നിയമത്തിന് ഭേദഗതി</u>

*386 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ്കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇപ്രകാരം നിയമഭേദഗതിയിലൂടെ സംസ്ഥാനത്ത് സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാന്റ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) നടപ്പ് സഭാസമ്മേളനത്തിൽത്തന്നെ പ്രസ്തുത ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരത്തിലെ പൈപ്പ് പൊട്ടല്‍

*387 ശ്രീ. ബി. സത്യന്‍
,, കോലിക്കോട് എന്‍. കൃഷ്ണന്‍നായര്‍
,, രാജു എബ്രഹാം
,, വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും പൈപ്പ് പൊട്ടി കുടിവെള്ള വിതരണം താറുമാറാകുന്നത് പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി കഴിഞ്ഞ ബജറ്റില്‍ പ്രഖ്യാപിച്ചിരുന്നുവോ ; വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ വിലയിരുത്തല്‍ നടത്തിയിട്ടുണ്ടോ ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വര്‍ഷം എന്ത് തുകയാണ് ഇതിനായി നീക്കിവെച്ചിരുന്നത് ; 2012 മാര്‍ച്ച് 31 വരെ എന്ത് തുക ചെലവഴിച്ചു ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

*388 ശ്രീ. സാജു പോൾ
,, സി. കൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് സ്വകാര്യ ആശുപത്രികൾ പിൻമാറിയതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുളള സ്വകാര്യ ആശുപത്രികൾ എത്രയാണെന്ന് അറിയിക്കാമോ;

(സി) സ്വകാര്യ ആശുപത്രികൾ പിൻമാറിയതിനാൽ രോഗികൾ നേരിടുന്ന പ്രശ്നം മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാ മോ ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ</u>

*389 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ധാരാളമായി തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയുന്നതിനും, അന്തർ സംസ്ഥാന കുറ്റവാളികൾ ഇവർക്കിടയിൽ നുഴഞ്ഞു കയറുന്നതു തടയാനും, ഇവർക്ക് രജിസ്ട്രേഷൻ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; ഇവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012-ലെ മറുപടിക്ക്

<u>പൂട്ടികിടക്കുന്ന തോട്ടങ്ങൾ</u>

*390 ശ്രീ. അൻവർ സാദത്ത്
,, എ.റ്റി. ജോർജ്
,, വി.പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്;

(സി) അടഞ്ഞുകിടക്കുന്ന മറ്റു തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കു ന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 18.

പി. കെ. മുരളീധരൻ,
സെക്രട്ടറി – ഇൻ – ചാർജ്

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.